നമ്പർ. ഇ.ഇ.2/20905/08

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം,
തിരുവനന്തപുരം,
തീയതി: 22/01/2010

## സർക്കുലർ

വിഷയം;- ജീവനക്കാര്യം- പൊ.മ.വ- എസ്.എൽ.ആർ./ എച്ച്. ആർ./സി.എൽ.ആർ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

സൂചന;- 12/01/10- ലെ 491/ബി 1/08/പൊ.മ.വ നം. സർക്കാർ കത്ത്

*********

പൊതുമരാമത്ത് വകുപ്പിൽ 31/05/2000-ൽ 500 ദിവസം ജോലി പൂർത്തിയാക്കിയ എസ്.എൽ.ആർ./ സി.എൽ.ആർ/ എച്ച്. ആർ ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റും 31/05/2000ൽ 180 ദിവസം പൂർത്തിയാക്കിയ സി.എൽ.ആർ/ എച്ച്.ആർ ജീവനക്കാരുടെ കരട് ലിസ്റ്റും, 20/01/90- ലെ G.O. (P) 6/90/PW&T പ്രകാരം എസ്.എൽ.ആർ ആയതും എന്നാൽ 31/05/2000-ൽ 500 ദിവസം തികയാത്തവരും ഇപ്പോഴും എസ്.എൽ.ആർ ആയി ജോലി ചെയ്തുവരുന്നവരുമായ ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റും തരം തിരിച്ച് പൊതുമരാമത്തു വകുപ്പിന്റെ WWW. Kerala pwd.gov.in എന്ന വെബ് സൈറ്റിലും ഈ ഓഫീസിൽ പ്രവൃത്തിദിവസങ്ങളിലും ലഭ്യമാണ്. ഈ ലിസ്റ്റ് പരിശോധിക്കുകയും ഈ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളവരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ മുഴുവനും ലഭ്യമല്ലാത്തവരും മറ്റു പരാതികൾ ഉള്ളവരും മതിയായ രേഖകൾ സഹിതം മേലധികാരികൾ മുഖേന 2010 ഫെബ്രുവരി മാസം 27-ാം തീയതിക്ക് മുമ്പായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ലിസ്റ്റ് പരിശോധിച്ചതിനുശേഷം ലിസ്റ്റിൽ ഉൾപ്പെടുത്താനോ നീക്കം ചെയ്യാനോ ആരെങ്കിലും ഉണ്ടെങ്കിൽ വിവരം മേൽപ്പറഞ്ഞ സമയ പരിധിക്കുള്ളിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇവിടെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അവ പരിഹരിച്ചതിനുശേഷം അന്തിമമായി പ്രസിദ്ധീകരിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ്.

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർക്കു വേണ്ടി

പകർപ്പ്:

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
സെക്രട്ടറി ടു ഗവൺമെന്റ് (ഉപരി പത്രം സഹിതം)
IT സെൽ (ലിസ്റ്റ് സഹിതം പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
(മലയാളത്തിലെ പ്രമുഖ പത്രങ്ങളിൽ പരസ്യപ്പെടുത്തുവാൻ താൽപ്പര്യപ്പെടുന്നു.)
അധിക കോപ്പി/ കരുതൽ പകർപ്പ്

Fc4